DESPATCHED On. 23-06-20

20-03-2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 307(2)/2019**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **3380**/എസ്.ഐ.സി-ജി6/19)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.പി.ശിവൻ,
സരസ്വതി നിവാസ്,
അരുകുറ്റി പി.ഒ.,
പിൻ – 688 535.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   ഡെപ്യൂട്ടി തഹസിൽദാർ (എച്ച്.ക്യൂ.),
   താലൂക്ക് ഓഫീസ്, ചേർത്തല.

2. അപ്പീൽ അധികാരി&
   തഹസിൽദാർ,
   താലൂക്ക് ഓഫീസ്, ചേർത്തല.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 22.10.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 23.11.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 20.12.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 19.01.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 28.02.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 02.03.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26.10.2019 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, ആലപ്പുഴ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. പി.ശിവൻ, 28.02.2019ന്

സമർപ്പിച്ച അപ്പീൽ ഹർജി 02.03.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.307(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പിലിനും യാതൊരു മറുപടിയും ലഭിച്ചില്ലെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 22.10.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 23.11.2018ന് മറുപടി നൽകിയതായി കാണുന്നു. തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 19.01.2019ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടില്ല എന്നു കാണിച്ച് സമർപ്പിച്ചിരുന്ന അപ്പീലിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരനെ നേരിൽ കേൾക്കുന്നതിന് നോട്ടീസ് അയച്ചിരുന്നതെന്നും അതുമായി ബന്ധപ്പെട്ട എസ്.പി.ഐ.ഒ.യിൽ നിന്നും സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടുള്ളതാണെന്നും എന്നാൽ ഹർജിക്കാരൻ വിചാരണയ്ക്ക് ഹാജരായില്ലെന്നുമാണ്. എന്നാൽ ടിയാന്റെ അപേക്ഷയും ഒന്നാം എതിർകക്ഷിയുടെ സ്റ്റേറ്റ്മെന്റും പരിശോധിച്ചതിൽ ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് നൽകിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി അപ്പീൽ നിരസിച്ച് ഉത്തരവായെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ 22.10.2018ലെ അപേക്ഷയിലെ 2-ാം ഇനത്തിന് നൽകിയ മറുപടിയിൽ ബന്ധപ്പെട്ട ഫയൽ സെക്ഷനിൽ കൈകാര്യം ചെയ്തുവരുന്നില്ല എന്നും 3-ാം ഇനത്തിന് അതാത് ഓഫീസുകളിൽ അപേക്ഷ നൽകണമെന്ന മറുപടിയും തെറ്റാണെന്നും പ്രസ്തുത ഓഫീസിൽ ലഭ്യമല്ലാത്ത വിവരങ്ങൾ ആയത് ലഭ്യമായ ഓഫീസിലേയ്ക്ക് ടിയാന്റെ അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം കൈമാറണമെന്നിരിക്കെ ആയത് ചെയ്യാത്ത ഒന്നാം എതിർകക്ഷി ടിയാന് തെറ്റായ മറുപടി നൽകി നിയമലംഘനം നടത്തിയതായി കമ്മീഷൻ നിരീക്ഷിക്കുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ വ്യക്തതയില്ലായിരുന്നുവെന്നും ഹിയറിംഗിനു അറിയിപ്പു നൽകിയിട്ട് ടിയാൻ ഹാജരാകാത്തതിനാൽ അപ്പീൽ തീർപ്പാക്കിയെന്നുമാണ്. എന്നാൽ ഹർജിക്കാരന്റെ അപേക്ഷ യഥാസ

മയം വിവരങ്ങൾ നിക്ഷിപ്തമായ ഓഫീസിലേയ്ക്ക് കൈമാറി നൽകാത്ത പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി വിവരാവകാശ നിയമലംഘനം നടത്തിയതായി കമ്മീഷൻ നിരീക്ഷിക്കുന്നു. ഇത്തരം വീഴ്ചകൾ ആവർത്തിക്കാൻ പാടില്ല എന്ന് ഒന്നാം എതിർകക്ഷിയ്ക്ക് കമ്മീഷൻ താക്കീതു നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 20–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)